LIBRARY ARCHIVES Kerala Legislative Assembly

പി. ഡബ്ല്യു. ഡി. റോഡ് പുറമ്പോക്ക് സ്ഥലം

30 [3011] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 213-ൽ മണ്ണാർക്കാട് കൊറ്റിയോട് മുതൽ ചുരിയോട് വരെ പി. ഡബ്ല്യു. ഡി. റോഡ് പുറമ്പോക്ക് സ്ഥലം ഏതെല്ലാം വ്യക്തികൾ കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ ഒഴിപ്പിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുറമ്പോക്ക് സ്ഥലം കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ റോഡ് ദേശീയ പാതയായി പ്രഖ്യാപിച്ചതിന് ശേഷം അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എടുത്തുവരുന്നു.

(ബി) ബാധകമല്ല.

സ്ഥലം ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത റോഡുകൾ

31 [3012] *ശ്രീ. ടി. കെ. ദേവകുമാർ:*

„ *എ. കെ. ബാലൻ:*

„ *മഞ്ഞളാംകുഴി അലി:*

„ *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു നിർമ്മാണത്തിന് സ്ഥലം അക്വയർ ചെയ്ത് കിട്ടാത്തതിനാൽ, ടെണ്ടർ ഉറപ്പിച്ച ഏതെങ്കിലും വർക്ക് ആരംഭിക്കാൻ കഴിയാതെ നീണ്ടുപോയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളുടെ കാര്യത്തിലാണ് ഇങ്ങനെ സംഭവിച്ചത്;

(ബി) സ്ഥലം അക്വയർ ചെയ്തു കിട്ടുന്നതിന് മുമ്പ് ടെണ്ടർ വിളിക്കാനിടയായ സാഹചര്യം എന്തായിരുന്നു;

(സി) ടെണ്ടർ വിളിച്ച് വർക്ക് എഗ്രിമെന്റ് വെച്ച കേസുകളിൽ സ്ഥലം അക്വിസിഷൻ പൂർത്തിയാകാത്തതിനാൽ കോൺട്രാക്ടർമാർക്ക് എസ്ക്കലേഷൻ നൽകേണ്ടതായി വരുമോ; എങ്കിൽ ഏതെല്ലാം റോഡുകളുടെ കാര്യത്തിലാണ് അക്വിസിഷൻ നടപടികൾ താമസിക്കുന്നത്; ഇതിന്റെ കാരണമെന്താണ്;